

THURSDAY 23.05.2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/05/2024

1. കനത്ത മഴയിലും കാറ്റിലും സംസ്ഥാനത്ത് 1109 ഹെക്ടർ കൃഷി നശിച്ചു. പ്രകൃതിക്ഷോഭം അറിയിക്കാനും വിള ഇൻഷുറൻസ് സഹായങ്ങൾക്കും കൃഷിവകുപ്പ് കൺട്രോൾ റൂമുകൾ തുറന്നു. ജില്ലയും ഫോൺ നമ്പറും താഴെ പറയുന്നു തിരുവനന്തപുരം 9447242977, കൊല്ലം- 9447349503, പത്തനംതിട്ട- 9446041039, ആലപ്പുഴ -9497864490, കോട്ടയം-6238483507, ഇടുക്കി- 9447037987, എറണാകുളം- 9497678634, തൃശ്ശൂർ 9446549273, പാലക്കാട്-9447364599, മലപ്പുറം- 9447228757, കോഴിക്കോട്- 9847616264, വയനാട്-9778036682, കണ്ണൂർ-9495887651, കാസർകോട് 9383471961.

2. കർഷകർക്ക് ആവശ്യമായ നെൽവിത്തിനങ്ങൾ അടുത്തുള്ള കൃഷിഭവനുകളിൽ ബന്ധപ്പെട്ട് കൈപ്പറ്റാവുന്നതാണ്. സംസ്ഥാനത്തു എല്ലായിടത്തും ഇതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതായി കൃഷി ഡയറക്ടർ അറിയിച്ചു.

3. ലോക ക്ഷീരദിനമായ ജൂൺ 1 ന് ക്ഷീരവികസന വകുപ്പിൻ്റെ ആഭിമുഖ്യത്തിൽ വിപുലമായ ക്ഷീരദിനാചരണ പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് ഓച്ചിറ ക്ഷീരോല്പന്ന പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 29.05.2024-ന് ഹൈസ്കൂൾ/ ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്കായി ഡയറി ക്വിസ്, ചിത്ര രചന (പെൻസിൽ ഡ്രോയിംഗ്) മത്സരം എന്നിവ ക്ഷീരോല്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രം, ഓച്ചിറ, കല്ലൂർ മുക്ക് ഐ ഒ സി പമ്പിന് എതിർവശത്തുള്ള എൻഎസ്എസ് കരയോഗ മന്ദിരത്തിൽ വച്ച് നടത്തുന്നു. പങ്കെടുക്കാൻ താല്പര്യമുള്ള വിദ്യാർത്ഥികൾ 25.05.2024 വൈകിട്ട് 5-മണിക്ക് മുമ്പായി 0476- 2698550, 8089391209 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

മത്സര വിജയികൾക്ക് ലോക ക്ഷീരദിനമായ ജൂൺ 1-ന് സംഘടിപ്പിക്കുന്ന പരിപാടിയിൽ വച്ച് സമ്മാനം വിതരണം നടത്തുന്നതാണ്. മത്സരങ്ങളിൽ പങ്കെടുക്കാൻ വരുന്നവർ സ്കൂൾ തിരിച്ചറിയൽ കാർഡ് നിർബന്ധമായും കൊണ്ട് വരേണ്ടതാണ്.

4. നാളികേരത്തിന്റെ വിളവെടുപ്പുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നാളികേര വികസന ബോർഡ് ആരംഭിച്ച തെങ്ങിന്റെ ചങ്ങാതിക്കൂട്ടം (FoCT) കോൾ സെന്ററിലേയ്ക്ക് വിളിച്ച് കേരളത്തിലെവിടെയുമുള്ള കേര കർഷകർക്ക് വിളിപ്പുറത്ത് തെങ്ങിന്റെ ചങ്ങാതിമാരെ ലഭ്യമാക്കുകയെന്നതാണ് കോൾ സെന്ററിലൂടെ ബോർഡ് ലക്ഷ്യ മാക്കുന്നത്. സേവനം ലഭ്യമാകുന്നതിനായി ഹലോ നാരിയൽ കോൾ സെന്ററിന്റെ 9447175999 എന്ന നമ്പറിലേയ്ക്ക് വിളിക്കുകയോ, വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്. ബോർഡിന്റെ ആസ്ഥാനമായ കൊച്ചിയിലാണ് കേരളത്തിലെ കോൾ സെന്ററിന്റെ പ്രവർത്തനം. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9.30 മുതൽ വൈകിട്ട് 5 മണി വരെയാണ് പ്രവർത്തന സമയം. അതാത് ജില്ലകളിൽ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് തല ത്തിലാണ് ചങ്ങാതിമാരുടെ സേവനം ലഭ്യമാക്കുന്നത്. വിളവെടുപ്പ്, തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, മരുന്നു തളിയ്ക്കൽ, രോഗകീട നിയന്ത്രണം, കൃത്രിമ പരാഗണം തുട ങ്ങിയ സേവനങ്ങൾ ഈ പദ്ധതിയിലൂടെ കേര കർഷകർക്ക് പ്രയോജനപ്പെടുത്താം. ഇതിനു പുറമെ കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള തെങ്ങ് കയറ്റക്കാർക്കും, തെങ്ങിന്റെ ചങ്ങാതിമാർക്കും കോൾ സെന്ററിൽ രജിസ്റ്റർ ചെയ്യാം. ഇപ്രകാരം കോൾ സെന്ററിന്റെ സേവനം കർഷകർക്കൊപ്പം തെങ്ങിന്റെ ചങ്ങാതിമാരും പരമാവധി പ്രയോജന പ്പെടുത്തുക. കൂടാതെ നാളികേര വികസന ബോർഡിന്റെ കേര സുരക്ഷ ഇൻഷുറൻസ് പദ്ധതി പ്രകാരം തെങ്ങുകയറ്റക്കാർക്ക് ഇൻഷുറൻസ് പരിരക്ഷയും നൽകുന്നുണ്ട്. കേര സുരക്ഷ ഇൻഷുറൻസ് പദ്ധതിയിൻ കീഴിൽ അപേക്ഷിക്കുന്ന തെങ്ങുകയറ്റ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തൊഴിലാളികൾക്ക് പരമാവധി അഞ്ച് ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയാണ് നൽകുന്നത്.

5. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപനത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ **'ശുദ്ധജല മത്സ്യകൃഷി'** എന്ന വിഷയത്തിൽ 31.05.2024-ന് പരിശീലനം സംഘടിപ്പിക്കുന്നു. 550/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓഫീസ് സമയങ്ങളിൽ 0487 2370773 എന്ന ഫോൺ നമ്പറിൽ മേയ് 31-ന് (31.05.2024) മുമ്പായി ബന്ധപ്പെടുക.

6. ഉത്തരമേഖല പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം, പിലിക്കോടിൽ ഉത്പാദിപ്പിച്ച സങ്കരയിനം തെങ്ങിൻ തൈകൾ പരിമിതമായ എണ്ണത്തിൽ ഒരു റേഷൻ കാർഡിന് 10 എണ്ണം വീതം വിതരണം ചെയ്യുന്നു. അപേക്ഷകർ മെയ് മാസം 15 മുതൽ 25 വരെ 0467 2260632 എന്ന ഫോൺ നമ്പറിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയുള്ള സമയങ്ങളിൽ വിളിച്ച് തെങ്ങിൻ തൈകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടുതൽ തെങ്ങിൻ തൈകൾ പരമാവധി അൻപത് എണ്ണം വരെ ആവശ്യമുള്ളവർ കൃഷി ഭൂമി സംബന്ധിച്ച വിവരങ്ങൾ മുൻകൂട്ടി ബുക്കിംഗ് സമയത്ത് അറിയിക്കേണ്ടതാണ്. തൈകളുടെ ലഭ്യതയ്ക്കനുസരിച്ച് ബുക്കിംഗ് പരിമിതപ്പെടുത്തുന്നതായിരിക്കും. ജൂൺ മാസം ആദ്യവാരം മുതൽ തൈകളുടെ വിതരണം ആരംഭിക്കും. ഒരു തെങ്ങിൻ തൈയുടെ വില 325 രൂപ .

7. നൻമ, മേൻമ, ശ്രേയ- മരച്ചീനി ഇല അധിഷ്ഠിത ജൈവ ഉൽപന്നങ്ങൾ സി. റ്റി. സി. ആർ. ഐ. യിൽനിന്നും ലഭിക്കും. നൻമ, മേൻമ, ശ്രേയഎന്നീ പരിസ്ഥിതി സൗഹൃദ മരച്ചീനി അധിഷ്ഠിത ജൈവഉൽപന്നങ്ങൾ വാഴയിലെ തടതുരപ്പൻ പോലുള്ള തുരപ്പൻ കീടങ്ങൾ; മീലിമൂട്ട, വെള്ളീച്ചകൾ, ഇലപ്പേനുകൾ, ചെള്ളുകൾ പോലുള്ള വിവിധയിനം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ; പ്രാരംഭ ഘട്ടത്തിലുള്ള പുഴുക്കൾ എന്നിവയുടെയെല്ലാം നിയന്ത്രണത്തിന് വളരെ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ ജൈവഉൽപന്നങ്ങൾ വാങ്ങാൻ താല്പര്യമുള്ളവർ ശ്രീകാര്യത്തുള്ള കേന്ദ്രകിഴങ്ങുവിളഗവേഷണസ്ഥാപനത്തിലെ (സി. റ്റി. സി. ആർ. ഐ.) ഫാർമർ ഫെസിലിറ്റേഷൻ സെന്ററുമായി ബന്ധപ്പെടണം.

**പരിശീലന പരിപാടി**

8. കേരള വെറ്ററിനറി ആൻ്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ സംരംഭകത്വവിഭാഗം പൂക്കോട് ഡയറി സയൻസ് കോളേജിൽ വെച്ച് മെയ് 27, 28, 29 തിയ്യതികളിലായി ചീസിൻ്റെ (പാൽക്കട്ടി) ശാസ്ത്രീയമായ ഉല്പാദനരീതിയിൽ പരിശീലനം നൽകുന്നു. താല്പര്യമുള്ള ക്ഷീരകർഷകരും സംരംഭകരും 9744975460 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 3000/- രൂപ.

9. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"സമ്പന്ന മാലിന്യം"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 മെയ് 27 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ മെയ് 26 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് മെയ് 27 മുതൽ 'പ്രവേശനം'

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

## 10. കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ

**നെല്ല് (വിരിപ്പ്)**

വേനൽമഴ ലഭിച്ച സ്ഥലങ്ങളിൽ വിരിപ്പ് കൃഷി ഇറക്കുന്ന പാടങ്ങളിൽ നിലം ഒരുക്കലും ഞാറ്റടി തയ്യാറാക്കലും ചെയ്യാം. ഒരു കിലോഗ്രാം വിത്തിനു 10 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിന് കലക്കിയ ലായനിയിൽ അര മണിക്കൂർ കുതിർത്ത് വെച്ച് വിതയ്ക്കുക.

**തെങ്ങ്**

മഴ തുടങ്ങുന്നതിനു മുൻപായി തെങ്ങിൻ്റെ തടം തുറന്ന് ഓരോ വലിയ തെങ്ങിനും ഒരു കിലോ കുമ്മായം വീതം ഇട്ടുകൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം